സുപ്രഭാതം

19 March 2024

## സമുദ്രമത്സ്യ ഗവേഷണം

# പൊതുജനങ്ങൾക്കും പങ്കാളികളാകാവുന്ന ആപ്പുമായി സി.എം.എഫ്.ആർ.ഐ

**കൊച്ചി** ▸ സമുദ്ര മത്സ്യ ഗവേഷണത്തിൽ പൊതുജനങ്ങളെ സഹകരിപ്പിക്കാൻ മൊബൈൽ ആപ്പുമായി സി.എം.എഫ്.ആർ.ഐ. ഇന്ത്യൻ തീരങ്ങളിൽ കാണപ്പെടുന്ന കടൽമത്സ്യയിനങ്ങളുടെ സമ്പൂർണ ഡാറ്റാബേസ് വികസിപ്പിക്കുന്നതിനാണ് 'മാർലിൻ @സി.എം.എഫ്.ആർ.ഐ' എന്ന പേരിലുള്ള ആപ്പ് പുറത്തിറക്കിയത്.

ഇന്ത്യയുടെ വിവിധ തീരങ്ങളിൽ കാണപ്പെടുന്ന മീനുകളുടെ ചിത്രങ്ങളും മറ്റു വിവരങ്ങളും ആപ്പിൽ അപ് ലോഡ് ചെയ്യാം. ഈ വിവരങ്ങൾ ഇന്ത്യൻ സമുദ്രാതിർത്തിയിലെ മത്സ്യയിനങ്ങളെ കൃത്യമായി തിരിച്ചറിയാനും മറ്റു ശാസ്ത്രീയ വിവരശേഖരണത്തിനും സി.എം.എഫ്.ആർ.ഐയെ സഹായിക്കും.

ഭാവിയിൽ എ.ഐ സഹായത്തോടെ, മൊബൈലിൽ മീനിന്റെ ദൃശ്യം അപ് ലോഡ് ചെയ്യുമ്പോൾ തന്നെ അതിന്റെ സമ്പൂർണവിവരങ്ങൾ ലഭ്യമാകുന്ന സംവിധാനം വികസിപ്പിക്കുകയാണ് ലക്ഷ്യം. സി.എം.എഫ്.ആർ.ഐയുടെ ഫിഷറി റിസോഴ്സ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗത്തിലെ ഡോ. എൽദോ വർഗീസിന്റെ നേതൃത്വത്തിലുള്ള പ്രൊജക്ടിന് കീഴിലാണ് ആപ്പ് വികസിപ്പിച്ചത്. നിർമിതബുദ്ധി അൽഗോരിതം ഉപയോഗിച്ചാണ് ഈ സംവിധാനം വികസിപ്പിക്കുക.




സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച മൊബൈൽ ആപ്പ്